ലേഖനം

മുനാ പണിക്കർ

## സത്യവിശ്വാസത്തിന്റെ സോപാനത്തിൽ-5

# പ്രബോധനത്തിലെ യുക്തിദീക്ഷ

**പ്രബോധകന്റെ ഹൃദയം വിശാലമായിരിക്കണം. അവന്റെ ക്ഷമക്ക് നെല്ലിപ്പടിയില്ല. ക്ഷമിക്കുന്തോറും അതിന് ആഴം വർധിച്ചു കൊണ്ടിരിക്കണം. കൂടുതൽ ക്ഷമിക്കുമ്പോൾ പ്രബോധകന്റെ അറിവും പക്വതയും വർധിക്കുകയും പ്രവർത്തനങ്ങൾക്ക് നിസ്വാർഥതയുടെയും നിഷ്കളങ്കതയുടെയും തിളക്കം കൂടിക്കൊണ്ടിരിക്കുകയും ചെയ്യും. പ്രബോധനം മാത്രമാണ് പ്രബോധകന്റെ ഉത്തരവാദിത്വം.**



**"യുക്തി** ദീക്ഷയോടും സദുപദേശത്തോടും കൂടി നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുക" (16:125).

മുഹമ്മദി(സ)ന്റെ പ്രബോധനത്തിന്റെ ആദ്യദശയിൽ പ്രത്യേകിച്ചും, മക്കി കാലഘട്ടത്തിൽ അദ്ദേഹത്തിന് ദീനിലേക്ക് വിളിക്കേണ്ടി വന്നത് വിഗ്രഹാരാധകരെ ആയിരുന്നു. ഇബ്റാഹീം നബി(അ)ക്ക് ബാബിലോണിയയിൽ നേരിടേണ്ടിവന്നതും വിഗ്രഹാരാധകരെ തന്നെയായിരുന്നു. നൂഹ്(അ) നബിയുടെ പ്രബോധനത്തിന്റെ സ്ഥിതിയും മറിച്ചായിരുന്നില്ല. ബിംബാരാധകരെ അല്ലാഹുവിലേക്ക് വിളിക്കേണ്ട രീതിയും ഈ മഹാ പ്രവാചകന്മാരുടെ പ്രബോധനരീതിയാണെന്നതിൽ തർക്കത്തിനിടമില്ല.

അതിനാൽ തന്നെ വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട പ്രബോധന രീതികൾ പ്രബോധകർ നന്നായി മനസ്സിലാക്കിയിരിക്കണം. അതുപോലെ തന്നെ നാം ക്ഷണിക്കാൻ ഉദ്ദേശിക്കുന്ന അതിഥികളുടെ വിശ്വാസത്തിന്റെ പശ്ചാത്തലം കുറച്ചെങ്കിലും അറിയണം.

ഹിന്ദു സമൂഹം വിവിധ ജാതികളും വർഗങ്ങളും ഗോത്രങ്ങളുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിനിടയിൽ ഉയർന്നുവന്ന പല രാഷ്ട്രീയ പാർട്ടികളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അവരുടെ വിശ്വാസത്തെ സ്വാധീനിക്കുന്നു. മതപുരോഹിതന്മാരുടെ വിവരണങ്ങളും ഉപദേശങ്ങളും അവരവരുടെ ഇഷ്ടദൈവത്തെ ബ്രഹ്മമാക്കാനുള്ള ശ്രമവും ഒരു പരിധിവരെ ജനങ്ങളുടെ വിശ്വാസത്തെ സ്വാധീനിക്കുന്നു. ഇതിനെല്ലാം പുറമെ, ബ്രാഹ്മണ മേധാവിത്വവും പൗരോഹിത്യ മേധാവിത്വവും താഴ്ന്ന ജാതിക്കാരെ അവരുടെ വിശുദ്ധ ഗ്രന്ഥങ്ങളെ സ്പർശിക്കാൻ അനുവദിച്ചിരുന്നുമില്ല. ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടി ഈ അനാചാരത്തെ ഭാഗികമായി തകർത്തെറിഞ്ഞു എന്നു അവകാശപ്പെടാം. എന്നാൽ അധഃകൃത ജാതികൾക്ക് പുരാണങ്ങളും ഇതിഹാസങ്ങളും വേദങ്ങളും എഴുതപ്പെട്ട സംസ്കൃതഭാഷ അന്യമാണ്. ഇന്ന് അത് ഏറക്കുറെ ഒരു മൃത ഭാഷയായിത്തീരുകയും ചെയ്തിരിക്കുന്നു.

പ്രബോധകൻ തന്റെ പ്രബോധിതനെക്കുറിച്ച് ചെറിയൊരു അറിവ് ആമുഖ സംഭാഷണത്തിലൂടെ നേടിയെടുക്കണം. ബഹുദൈവ വിശ്വാസം അതിന്റെ വാഹകരെ മുപ്പത്തിമുക്കോടി ദൈവങ്ങളിൽനിന്ന് ത്രിമൂർത്തികളിലേക്കും അതിൽനിന്ന് ഏകദൈവത്തിലേക്കുമാണ് നയിക്കുന്നതെങ്കിലും, അതുസംബന്ധിച്ച മത ഗ്രന്ഥങ്ങൾ അവരെക്കൊണ്ടെത്തിക്കുന്നത് സംശയത്തിന്റെ ഊരാക്കുടുക്കുകളിലാണ്. ആരും തന്നെ ബ്രഹ്മാണ്ഡ പരിപാലകനായ ഏകദൈവത്തെ പഠിതാക്കൾക്കു പരിചയപ്പെടുത്തുന്നില്ല. എന്നാൽ സംശയങ്ങളുടെ ഊരാക്കുടുക്കിൽ കിടന്നും എല്ലാവരും മോക്ഷപ്രാപ്തിക്കു നിദാനം ഏക ദൈവാരാധനയാണെന്ന് പറയുകയും ചെയ്യുന്നു.

ഏതായാലും അതുല്യവും സർവവ്യാപിയുമായ ഒരു ശക്തിയുണ്ടെന്നു ഹൈന്ദവദർശനം സിദ്ധാന്തിക്കുന്നു.

"മനുഷ്യാണാം സഹസ്രേഷു
കശ്ചിദ്‌യതതി സിദ്ധയേ

യത്താ മപി സിദ്ധാനം
കശ്ചിന്മാം വേത്തി തത്ത്വതഃ'
(ജ്ഞാനവിജ്ഞാനയോഗം 3)

സാരം: 'മനുഷ്യ സഹസ്രങ്ങളിൽ ഒരാളേ സിദ്ധിക്കായി(ജ്ഞാനസിദ്ധി) യത്നിക്കുന്നുള്ളൂ. യത്നിക്കുന്നവരിൽ ആയിരത്തിലൊരാൾ മാത്രമേ എന്നെ ഉള്ളവണ്ണം അറിയുന്നുള്ളൂ.'

ജ്ഞാനസിദ്ധിയെന്നു ഗീത പറഞ്ഞത് സ്രഷ്ടാവിനെ വേണ്ടവണ്ണം അറിയുക എന്ന അറിവാണ്. വലിയ ബിംബങ്ങളാണ് കൂടുതൽ ശക്തരെന്ന് വിശ്വസിക്കുന്ന പുരാതന ബാബിലോണിയക്കാരെ ഞെട്ടിച്ചുകൊണ്ടാണ് വിഗ്രഹങ്ങളെ ഭഞ്ജിച്ച ഇബ്റാഹീം(അ) ജനങ്ങളോടു പറഞ്ഞത്: "അവരുടെ കൂട്ടത്തിലെ ഈ വലിയവനായിരിക്കും അത് ചെയ്തത്. അവ സംസാരിക്കുമെങ്കിൽ അവരോട് ചോദിച്ചുനോക്കുക.....' അവർ സമ്മതിക്കുന്നു (അവയെ പൂർവികർ ആരാധിച്ചതു പോലെ ഞങ്ങളും ആരാധിക്കുന്നുണ്ടെങ്കിലും) അവ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ?"

ഇബ്റാഹീം(അ) നബി വീണ്ടും യുക്തി ഉപയോഗിച്ചു: ''അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുകയാണോ? നിങ്ങളുടെയും അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ" (21:51-67).

ഉത്തരംമുട്ടിയ വിഗ്രഹാരാധകർ അദ്ദേഹത്തെ ചുട്ടുകൊല്ലാൻ വിധിക്കുന്നു. ഈ മനോഭാവം ഇന്നത്തെ ചില മുശ്രിക്കുകളിലും പ്രകടമാണ്. ഇവിടെ നാം ശ്രദ്ധിച്ചുവേണം ഇത്തരം ആളുകളെ നേരിടാൻ.

"(നബിയേ) ചോദിക്കുക. ഭൂമിയും അതിലുള്ളതും ആരുടേതാണ്? നിങ്ങൾക്ക് അറിയാമെങ്കിൽ പറയുക" (23:84).

കൈകൾ കൊണ്ടുണ്ടാക്കിയ ഈ ബിംബത്തിന് ഇതൊന്നും ഉണ്ടാക്കാനോ ഇതിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കാനോ കഴിയില്ല. പ്രബോധകൻ ഈ ആയത്തുകൾ (23:84-89) സൗകര്യവും സന്ദർഭവും അനുസരിച്ചു ഉപയോഗിക്കണം. നിരീശ്വരവാദികൾ എന്ന് അവകാശപ്പെടുന്നവർപോലും പലപ്പോഴും സമ്മതിച്ചു പോകും; ഒരു ശക്തിയുണ്ടെന്ന്- ആരാണതെന്ന് വ്യക്തമല്ലെങ്കിലും. നോക്കൂ! അവരുടെ ഹൃദയത്തിൽ സംശയം ചിലന്തിവല വിരിച്ചു കഴിഞ്ഞു. ചിലന്തിവല വേഗം പൊട്ടിപ്പോകുന്നതാണ്. ചിലർ, ഇതു പ്രകൃതിയുടെ പ്രതിഭാസവും പരിണാമ വ്യവസ്ഥയുടെ ഫലവും ആണെന്നു പറയും. ചിലർ, സത്യം മനസ്സിലായി തുടങ്ങുന്നു എന്നു കാണുമ്പോൾ കൂടുതൽ മനസ്സിലാക്കാനുള്ള അവസരം നൽകാതെ രക്ഷപ്പെടുന്നു. ഈ സാഹചര്യം പ്രതീക്ഷിച്ചുകൊണ്ടാണ് പ്രബോധകൻ അവരെ സമീപിക്കേണ്ടത്.

പ്രബോധകൻ പ്രബോധനത്തിന്റെ ഫലം അല്ലാഹുവിൽനിന്നുമാത്രമേ പ്രതീ

**നിരീശ്വരവാദികൾ എന്ന് അവകാശപ്പെടുന്നവർപോലും പലപ്പോഴും സമ്മതിച്ചു പോകും; ഒരു ശക്തിയുണ്ടെന്ന്- ആരാണതെന്ന് വ്യക്തമല്ലെങ്കിലും. നോക്കൂ! അവരുടെ ഹൃദയത്തിൽ സംശയം ചിലന്തിവല വിരിച്ചു കഴിഞ്ഞു. ചിലന്തിവല വേഗം പൊട്ടിപ്പോകുന്നതാണ്. ചിലർ, ഇതു പ്രകൃതിയുടെ പ്രതിഭാസവും പരിണാമ വ്യവസ്ഥയുടെ ഫലവും ആണെന്നു പറയും. ചിലർ, സത്യം മനസ്സിലായി തുടങ്ങുന്നു എന്നു കാണുമ്പോൾ കൂടുതൽ മനസ്സിലാക്കാനുള്ള അവസരം നൽകാതെ രക്ഷപ്പെടുന്നു. ഈ സാഹചര്യം പ്രതീക്ഷിച്ചുകൊണ്ടാണ് പ്രബോധകൻ അവരെ സമീപിക്കേണ്ടത്.**

ക്ഷിക്കാവൂ. ''തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക. നിങ്ങളോട് ഞാൻ ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവായ അല്ലാഹുവിങ്കൽ നിന്നു മാത്രമാകുന്നു" (26:143-145). പ്രബോധകന്റെ ഹൃദയം വിശാലമായിരിക്കണം. അവന്റെ ക്ഷമക്ക് നെല്ലിപ്പടിയില്ല. ക്ഷമിക്കുന്തോറും അതിന് ആഴം വർധിച്ചുകൊണ്ടിരിക്കണം. കൂടുതൽ ക്ഷമിക്കുമ്പോൾ പ്രബോധകന്റെ അറിവും പക്വതയും വർധിക്കുകയും പ്രവർത്തനങ്ങൾക്ക് നിസ്വാർഥതയുടെയും നിഷ്കളങ്കതയുടെയും തിളക്കം കൂടിക്കൊണ്ടിരിക്കുകയും ചെയ്യും. പ്രബോധനം മാത്രമാണ് പ്രബോധകന്റെ ഉത്തരവാദിത്വം. നമ്മൾ എത്രതന്നെ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അല്ലാഹു ഉദ്ദേശിക്കുന്നവരെ മാത്രമേ നമുക്കു അവന്റെ പാതയിലേക്ക് നയിക്കാൻ കഴിയൂ. എല്ലാറ്റിന്റെയും കടിഞ്ഞാൺ അല്ലാഹുവിന്റെ പക്കൽ മാത്രമാണ്. അല്ലാഹുവിലുള്ള സമ്പൂർണമായ സമർപ്പണം(തവക്കുൽ), തുറന്ന മനഃസ്ഥിതി, ശുഭപ്രതീക്ഷ, വിട്ടുവീഴ്ച, സഹനം ഇതെല്ലാം പ്രബോധകന്റെ പ്രധാന പാഥേയങ്ങളാണ്.

950 വർഷം പ്രബോധനം ചെയ്തിട്ടും ദീനിലേക്ക് നയിക്കാൻ നൂഹ്(അ)ന് കഴിഞ്ഞത് ഏകദേശം 80 പേരെ മാത്രം. സ്വന്തം ഭാര്യപോലും തിരിഞ്ഞു നിന്നു. ദുഷ്ടനും നിഷ്ഠുരനും അഹങ്കാരിയുമായിരുന്ന ഫിർഔന്റെ ഭാര്യ ആസിയ ബീവിയുടെ സഹനം. ഇതെല്ലാമായിരിക്കണം പ്രബോധകന്റെ മാതൃക. ''അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും, 'തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്കു പറയുന്ന മറ്റാരുണ്ട്'' (41:33). ഈ ആയത്ത് ഹൃദയത്തിൽ നിറഞ്ഞു നിൽക്കണം. ഏറ്റവും നല്ലതിലേക്കാണ് താൻ സഹജീവികളെ ക്ഷണിക്കുന്നതെന്ന ദൃഢമായ വിശ്വാസമാണ് അവനെ മുന്നോട്ടു നയിക്കേണ്ടത്.

### പ്രലോഭനങ്ങൾ, പ്രകോപനങ്ങൾ

പ്രബോധകരെ വഴിതെറ്റിക്കാൻ ചെകുത്താന്റെ വൈതാളികർ എല്ലാ അടവുകളും പയറ്റിക്കൊണ്ടിരിക്കും.

ഭൗതിക നേട്ടങ്ങൾ കാണിച്ചുകൊണ്ടുള്ള പ്രലോഭനമാണ് അതിൽ മുഖ്യം. ക്ലേശകരമായ ഈ മാർഗം ഉപേക്ഷിച്ച് സൗഖ്യവും സമാധാനവും ലഭിക്കുന്ന വിവിധ മാർഗങ്ങൾ അവർ ചൂണ്ടിക്കാണിച്ചു കൊണ്ടിരിക്കും. ആളുകൾ നിന്ദിക്കുന്ന കാര്യം പറഞ്ഞ്, ആളുകൾക്കല്ല നിങ്ങൾക്കാണ് കുഴപ്പമെന്ന് ബോധ്യപ്പെടുത്താൻ നോക്കും.

അതിനാൽ പ്രബോധകർ ബദ്ധശത്രുവായ ശൈത്താന്റെ ദുർബോധനങ്ങളെക്കുറിച്ചു ജാഗരൂകരാകണം. "എല്ലാ ദൂതന്മാർക്കും സത്യവിശ്വാസികൾക്കും അല്ലാഹു ശത്രുക്കളെ ഏൽപിച്ചു കൊടുത്തിട്ടുണ്ട്" എന്നതു മറക്കരുത്. അവർ ചൂണ്ടിക്കാണിക്കുന്ന ഭൗതിക സൗഖ്യം പരലോക ജീവിതത്തെ നശിപ്പിക്കുന്നതാണ്.

പ്രവാചകനോട് അവിശ്വാസികൾ ചോദിച്ചിരുന്നു, എന്തുകൊണ്ടു ഇവന്റെ കൂടെ ഒരു മലക്കിനെ ഇറക്കുന്നില്ല, എന്തുകൊണ്ട് നിധി ഇട്ടുകൊടുക്കുന്നില്ല, ആരുമല്ലെങ്കിൽ സ്വന്തം ആവശ്യത്തിനുള്ളത് എടുത്തുകഴിക്കാൻ പറ്റുന്ന വിധത്തിലുള്ള ഒരു പൂന്തോപ്പ് കൊടുക്കുന്നില്ല. ഇവനും നമ്മെ പോലെതന്നെ തിന്നുന്നു, കുടിക്കുന്നു, അങ്ങാടിയിലൂടെ നടക്കുന്നു. ഈ അർഥത്തിലുള്ള ജൽപനങ്ങൾ ഇന്നത്തെ പ്രബോധകരും കേൾക്കേണ്ടിവരും. ഇതിനെയൊക്കെ അതിജീവിച്ചു മുന്നോട്ടു പോകാനുള്ള കരുത്ത് തേടേണ്ടത് അല്ലാഹുവിൽനിന്നാണ്.

പ്രബോധകന്റെ ഭാഷണം ശുദ്ധവും വ്യക്തവുമായിരിക്കണം. "ദൈവദൂതന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു" (24:54). നിഷേധിക്കുകയും എതിർക്കുകയും ചെയ്യുന്നവരോട് പ്രബോധകൻ കയർക്കുകയോ വിരോധം ഭാവിക്കുകയോ ചെയ്യേണ്ടതില്ല. അവർ സഹതാപമാണ് അർഹിക്കുന്നത്.

എന്തുകൊണ്ട് സഹതാപമർഹിക്കുന്നു?

"അവിശ്വസിച്ചവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചികപോലെയാണ്." "അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടു പോലെയാകുന്നു." ഇരുട്ടിന് മേൽ ഇരുട്ട്. ഈ കൂരിരുട്ടിലാണ്ടവരോട് സഹതപിക്കുകയല്ലാതെ വെറുപ്പും അറപ്പും തോന്നിയിട്ട് എന്തുകാര്യം. അവരുടെ മനക്കണ്ണുകൾക്ക് കാഴ്ച നൽകാൻ അല്ലാഹുവിനോട് പ്രാർഥിക്കുക. അല്ലാഹു ആ പ്രാർഥന സ്വീകരിക്കുന്നതും കാത്ത് ശാന്തരായിരിക്കുക.

ബഹുദൈവവിശ്വാസികൾ അല്ലാഹുവിന് പുറമെ ആരാധിക്കുന്ന ദൈവങ്ങൾക്ക് യാതൊന്നും സൃഷ്ടിക്കാൻ കഴിയുന്നില്ല അവർ തന്നെ സൃഷ്ടിക്കപ്പെട്ടവരാണ് അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാൻ കഴിയില്ല. മരണത്തെയും ഉയിർത്തെഴുന്നേൽപിനെയും അധീനപ്പെടുത്താൻ അവർക്ക് കഴിയില്ല. ഖുർആൻ ഉന്നയിക്കുന്ന ഈ ന്യായം ഏതു കടുത്ത വിഗ്രഹാരാധകന്റെയും ചിന്തയെ തട്ടിയുണർത്താൻ പര്യാപ്തമാണ്, അത് സന്ദർഭം ആവശ്യപ്പെടുന്ന യുക്തിദീക്ഷയോടെ ഉന്നയിക്കുകയാണെങ്കിൽ. നിരവധി ദൈവങ്ങളുടെ ആവിർഭാവം ഭയത്തിൽ നിന്നാണ്. അവരുടെ മതഗ്രന്ഥങ്ങളിൽ നിന്നുള്ള പ്രമാണങ്ങൾ കൊണ്ടു തന്നെ അവരെ ചിന്തിപ്പിക്കണം. പ്രാർഥന പഠിപ്പിച്ചു തരണം എന്നു അഭ്യർഥിച്ചു കൊണ്ടുവന്നവരെ യേശു ഉപദേശിച്ചു:

"സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ! നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗത്തിലെന്നപോലെ ഭൂമിയിലും ആക്കേണമേ! ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ദിനംപ്രതി തരേണമേ! ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു പൊറുക്കേണമേ! ഞങ്ങൾക്കു കടപ്പെട്ടിരിക്കുന്ന ഏവരോടും ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ! ദുഷ്ടന്മാരിൽ നിന്നു ഞങ്ങളെ രക്ഷിക്കണേ." യേശു ഉപദേശിച്ചത് ശുദ്ധമായ ഏകദൈവ വിശ്വാസമാണെന്നു തെളിയിക്കാൻ ഇതിൽ കൂടുതൽ എന്തു വേണം.

ഭാഗ്യവാന്മാരെക്കുറിച്ചു യേശു പഠിപ്പിച്ചു:

"അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രണമിക്കുന്നവർ അത്രെ ഭാഗ്യവാന്മാർ" (ലൂക്കോസ് 11:28).

**പ്രബോധകന്റെ ഭാഷണം ശുദ്ധവും വ്യക്തവുമായിരിക്കണം. "ദൈവദൂതന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു" (24:54). നിഷേധിക്കുകയും എതിർക്കുകയും ചെയ്യുന്നവരോട് പ്രബോധകൻ കയർക്കുകയോ വിരോധം ഭാവിക്കുകയോ ചെയ്യേണ്ടതില്ല. അവർ സഹതാപമാണ് അർഹിക്കുന്നത്.**

നിത്യജീവന് അവകാശി ആയിത്തീരാൻ എന്തു ചെയ്യണം എന്നു ചോദിച്ചവരോട് യേശു പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടും പൂർണ മനസോടും കൂടി സ്നേഹിക്കണമെന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നും തന്നെ എന്നു ഉത്തരം പറഞ്ഞു" (ലൂക്കോസ് 10:28).

ഇനി യേശുവിന്റെ അത്ഭുത ജനനത്തിന്റെ യാഥാർഥ്യം ബോധ്യപ്പെടുത്താൻ ഈയൊരു ഖുർആൻ സൂക്തം തന്നെ ധാരാളമാണ്.

"അല്ലാഹുവെ സംബന്ധിച്ചേടത്തോളം ഈസയെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. ആദമിനെ മണ്ണിൽനിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്നു പറഞ്ഞപ്പോൾ ആദം ഉണ്ടായി" (3:59).

ഒരാളുടെ അത്ഭുത പ്രകടനം അയാളുടെ ദിവ്യത്വത്തിന് തെളിവാകുന്നില്ല. ഏതാണ്ടെല്ലാ പ്രവാചകന്മാരും തങ്ങളുടെ പ്രവാചകത്വത്തിന്റെ ദൃഷ്ടാന്തമെന്ന നിലയിൽ അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്.

മൂസ(അ)യുടെ വടി, കൈ തുടങ്ങിയവ ബൈബിളിലെ യേശു കാണിച്ച അത്ഭുതവുമായി വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്ന അത്ഭുത സംഭവം താരതമ്യം ചെയ്യുക.

"ഈ കൽപാത്രത്തിൽ വെള്ളം നിറക്കുക എന്നു പറഞ്ഞു. അവൻ വക്കോളം നിറച്ചു. ഇപ്പോൾ കോരി വിരുന്നുവാരിക്കു കൊണ്ടു പോയികൊടുക്കുവിൻ എന്നു പറഞ്ഞു.....' (John 2:7-11)". ഈ പ്രായത്തിനിടക്ക് യേശു കാണിച്ച അത്ഭുതത്തെപ്പറ്റിയൊന്നും ബൈബിളിൽ പ്രതിപാദിക്കുന്നില്ല. യഥാർഥകാര്യങ്ങൾ വിവരിച്ചാൽ ജൂതന്മാർ മേരിയെ അധിക്ഷേപിച്ചത് പ്രസ്താവിക്കേണ്ടി വരുമെന്നതിനാൽ അവർ അതു മൂടിവെച്ചു. വിശുദ്ധ ഖുർആൻ: "അപ്പോൾ, അവൾ(മറിയം) കുട്ടിയെ ചൂണ്ടിക്കാണിച്ചു. അവർ(ജൂതർ) പറഞ്ഞു: 'തൊട്ടിലിലുള്ള ഒരു കുട്ടിയോടു ഞങ്ങൾ എങ്ങനെ സംസാരിക്കും.' കുട്ടി പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദവും പ്രവാചകത്വവും നൽകിയിരിക്കുന്നു'' (19:29,30). തൊട്ടിലിൽ കിടന്നു സംസാരിച്ചതാണോ അതല്ല, 33-ാം വയസ്സിൽ ഒരു കൽപാത്രത്തിലെ വെള്ളം വീഞ്ഞാക്കി മാറ്റിയതോ വലിയ അത്ഭുതം? സാമാന്യ ബുദ്ധിയുള്ള ആരും സമ്മതിക്കും തൊട്ടിലിൽ കിടന്നു സംസാരിച്ചതാണെന്ന്. നബിമാർക്കും അത്ഭുതം പ്രവർത്തിക്കാൻ കഴിവു നൽകുന്നത് സ്രഷ്ടാവായ അല്ലാഹു മാത്രമാണ്. അവർ പ്രവർത്തിക്കുന്നു എന്നുമാത്രം. അതുകൊണ്ടുതന്നെ അവർ അല്ലാഹുവിന്റെ അനുസരണയുള്ള ദാസന്മാരാണ് എന്ന സ്ഥാനത്തിനാണ് കൂടുതൽ അർഹരാകുന്നത്.

ദൂതനെ അനുസരിക്കുക എന്നത് ദൂതനെ പിൻപറ്റുന്ന എല്ലാവർക്കും ഒരുപോലെ ബാധ്യതപ്പെട്ടതാണ്.

"(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും, അവർ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിയുന്നുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല" (4:80). ■

(തുടരും)